**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2822** **18-03-2022 - ൽ മറുപടിയ്ക്ക്**

**ഉദ്യോഗസ്ഥർക്കെതിരെയുള്ള വിജിലൻസ് കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പിൽ കഴിഞ്ഞ അഞ്ച് വർഷക്കാല പരിധിക്കുള്ളിൽ ഉദ്യോഗസ്ഥർക്കെതിരെ എത്ര വിജിലൻസ് കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; ഏതൊക്കെ ഉദ്യോഗസ്ഥർക്കെതിരെയാണ് അന്വേഷണം നടന്നിട്ടുള്ളത്; ഇത് സംബന്ധിച്ച വിശദാംശം നല്കാമോ; | (എ) | വിശദാംശം അനുബന്ധം-1 ആയി ഉൾപ്പെടുത്തിയിരിക്കുന്നു. |
| (ബി) | ഇതിൽ എത്ര പേർക്ക് കുറ്റാരോപണ മെമ്മോ നൽകിയിട്ടുണ്ട്; അതിൻപ്രകാരം എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നല്കാമോ; | (ബി) | വിശദാംശം അനുബന്ധം-2 ആയി ഉൾപ്പെടുത്തിയിരിക്കുന്നു. |
| (സി) | ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെയുള്ള അന്വേഷണം ത്വരിതപ്പെടുത്തി ശിക്ഷാ നടപടികൾ വേഗത്തിലാക്കാൻ നടപടി ഉണ്ടാകുമോ; അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥർ സർവ്വീസിൽ നിന്നും വിരമിക്കുന്നതിന് മുമ്പായി അന്വേഷണം പൂർത്തീകരിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകുമോ? | (സി) | നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

| ക്രമ നമ്പർ | കേസ് നമ്പർ | വിഷയം | ഉദ്യോഗസ്ഥ വിവരം |
|---|---|---|---|
| 1. | വി.സി. 08/2017/എസ്.ആർ.ടി | പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിയ ജനനി ജന്മ രക്ഷാ പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ അനുവദിച്ച 5.40 കോടി രൂപയിൽ നിന്നും 21,07,100/- രൂപ അപഹരിച്ചത്. | ബി.എസ്.പ്രേമാനന്ദൻ, അസിസ്റ്റന്റ് ഡയറക്ടർ, ഷെഡ്യൂൾഡ് ട്രൈബ്സ് ഡെവലപ്പ്മെന്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം. |
| 2. | വി.സി. 02/2018/എസ്.ആർ.ടി | വർക്കല ബ്ലോക്ക് പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ള ഭൂരഹിതർക്ക് ഭൂമി വാങ്ങി നൽകിയതിലെ ക്രമക്കേടുകൾ | 1. ജോയി, മുൻ പ്രസിഡന്റ്, വർക്കല ബ്ലോക്ക് പഞ്ചായത്ത്.<br>2. സുരേന്ദ്രൻ, മെമ്പർ, വർക്കല ബ്ലോക്ക് പഞ്ചായത്ത്.<br>3. ശ്രീമതി.ഇ.എസ്.അംബിക, പട്ടികജാതി വികസന ഓഫീസർ |
| 3. | വി.സി. 01/2017/പി.ടി.എ. | "ആശിക്കും ഭൂമി ആദിവാസിയ്ക്ക് സ്വന്തം പദ്ധതി" പ്രകാരം റാന്നിയിൽ ആദിവാസികൾക്ക് ഭൂമി വാങ്ങി നൽകിയതിലെ ക്രമക്കേടുകൾ. | 1. എ.റഹീം, മുൻ ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർ.<br>2. പി.വൈ.സുനീഷ്, മുൻ ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ, റാന്നി.<br>3. എം.എ.പൊന്നമ്മ, മുൻ ഓഫീസ് അറ്റൻഡന്റ്, ജില്ലാ ട്രൈബൽ ഓഫീസ്, റാന്നി. |
| 4. | വി.സി. 06/2016/കെ.ടി.എം. | ഭൂരഹിത ഭവന പുനരധിവാസ പദ്ധതിയ്ക്ക് ഗ്രാന്റ് അനുവദിച്ചതിലെ ക്രമക്കേട് സംബന്ധിച്ച് - പ്രോസിക്യൂഷൻ പെൻഡിംഗ്. | കാഞ്ഞിരപ്പള്ളി ബ്ലോക്കിലെ പട്ടികജാതി വികസന ഓഫീസിലെ മുൻ പ്രമോട്ടർ ശ്രീ.ബിജുമോൻ.വി.കെ. |
| 5. | വി.സി. 07/2016/ഐ.ഡി.കെ. | ഇടുക്കി ജില്ലയിൽ 2015-2016 കാലയളവിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതരായവർക്ക് ഭൂമി നൽകുന്നതിന് നടപ്പിലാക്കിയ പദ്ധതിയിലെ ക്രമക്കേടുകൾ. | 1. ഡോ.പി.ബി.ഗംഗാധരൻ, മുൻ ജില്ലാ പട്ടികജാതി വികസന വകുപ്പ് ഓഫീസർ.<br>2. ശ്രീമതി.സിന്ധു പരമേശ്, ജില്ലാ പട്ടികജാതി വികസന വകുപ്പ് ഓഫീസർ.<br>3. ശ്രീ.വി.ജി.ഗോപകുമാർ, ബ്ലോക്ക് പട്ടികജാതി വികസന വകുപ്പ് ഓഫീസർ, ദേവികുളം. |
| 6. | വി.സി. 08/2016/ഐ.ഡി.കെ. | ഇടുക്കി ജില്ലയിലെ കട്ടപ്പന ബ്ലോക്കിൽ 2014-2015 കാലയളവിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതരായവർക്ക് ഭൂമി നൽകുന്നതിന് നടപ്പിലാക്കിയ പദ്ധതിയിലെ ക്രമക്കേടുകൾ. | 1.കെ.പൊന്നപ്പൻ, എസ്.സി. പ്രമോട്ടർ, ഉപ്പുതറ ഗ്രാമപഞ്ചായത്ത്, കൽപ്പറ്റ ബ്ലോക്ക് പട്ടികജാതി വികസന വകുപ്പ് ഓഫീസ്.<br>2. വി.എം.പ്രേം കുമാർ, കൽപ്പറ്റ ബ്ലോക്ക് പട്ടികജാതി വികസന വകുപ്പ് ഓഫീസർ.<br>3. ഡോ.പി.ബി.ഗംഗാധരൻ, മുൻ ജില്ലാ പട്ടികജാതി വികസന ഓഫീസർ. |

| | | | |
|---|---|---|---|
| 7. | വി.സി. 14/2021/ഐ.ഡി.കെ. | എസ്.സി. സ്കോളർഷിപ്പ് ലഭ്യമാക്കിക്കൊടുക്കുന്നതിന് കൈക്കൂലി ആവശ്യപ്പെട്ടത് | റഷീദ്.കെ.പാണക്കൽ, സീനിയർ ക്ലാർക്ക്, ജില്ലാ പട്ടികജാതി വികസന ഓഫീസർ, കുയിലിമല, ഇടുക്കി. |
| 8. | വി.സി. 15/2021/ഐ.ഡി.കെ | ഔദ്യോഗിക പദവി ദുരുപയോഗം ചെയ്ത് സർക്കാർ ഫണ്ട് ചെലവഴിച്ചത് | 1. സുധാകരൻ.എൻ, മുൻ ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ, മറയൂർ.<br>2. റഹീം, മുൻ ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർ, അടിമാലി. |
| 9. | വി.സി. 04/2017/ഐ.ഡി.കെ | മാനന്തവാടി താലൂക്കിലെ അടിയ, പണിയ, കാട്ടുനായ്ക്ക വിഭാഗങ്ങളുടെ ബോധവൽക്കരണത്തിലെ അറിവുകളും മറ്റ് തൊഴിൽ സാദ്ധ്യതകളും അവരിലേയ്ക്ക് എത്തിക്കുന്നതിനും അവരുടെ ഭാഷയിൽ തന്നെ റേഡിയോ മാറ്റൊലിയിലൂടെ പ്രക്ഷേപണം ചെയ്യുന്നതിനായി മാനന്തവാടി ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർ മുഖേന നടപ്പാക്കിയ പദ്ധതിയിലേയ്ക്ക് അനുവദിച്ച തുക ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാതെ സർക്കാരിന് നഷ്ടം വരുത്തിയത് സംബന്ധിച്ച് | വാണിദാസ്.പി, മുൻ ട്രൈബൽ വികസന ഓഫീസർ, മാനന്തവാടി. |
| 10. | വി.സി. 18/2016/പി.കെ.ഡി. | ഭൂരഹിത പുനരധിവാസ പദ്ധതിക്കായി അനുവദിച്ച ഫണ്ട് അപഹരിച്ചത് സംബന്ധിച്ച് | 1. ശ്രീമതി.ശരത് ചന്ദ്രികാദേവി പട്ടികജാതി വികസന ഓഫീസർ, മണ്ണാർക്കാട്.<br>2. ശ്രീ.കെ.ചന്ദ്രകുമാർ, പട്ടികജാതി വികസന ഓഫീസർ, മണ്ണാർക്കാട്.<br>3. ശ്രീ.ജി.സുനിൽ, പട്ടികജാതി വികസന ഓഫീസർ, മണ്ണാർക്കാട്. |

| | | | |
|---|---|---|---|
| 11. | വി.സി. 23/2016/പി.കെ.ഡി. | ഭൂരഹിത പുനരധിവാസ പദ്ധതിക്കായി അനുവദിച്ച ഫണ്ട് അപഹരിച്ചത് സംബന്ധിച്ച് | 1. ശ്രീ.സുനിൽ.ജി, പട്ടികജാതി വികസന ഓഫീസർ, പാലക്കാട്<br>2. ശ്രീ.ശ്രീകുമാർ.എസ്, സീനിയർ സൂപ്രണ്ട്, അയ്യൻകാളി സ്പോർട്സ് സ്കൂൾ, തിരുവനന്തപുരം.<br>3. ശ്രീ.സാജു ജേക്കബ്, പട്ടികജാതി വികസന ഓഫീസർ, മാടപ്പള്ളി, കോട്ടയം<br>4. ശ്രീ.ദയാനന്ദ.കെ, സീനിയർ സൂപ്രണ്ട്, പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, മഞ്ചേശ്വരം<br>5. ശ്രീ.ഗോപകുമാർ.ഇ, പട്ടികജാതി വികസന ഓഫീസർ, മണ്ണാർക്കാട്.<br>6. ദേവാനന്ദ്.പി, പട്ടികജാതി വികസന ഓഫീസർ, മലമ്പുഴ.<br>7. വേലായുധൻ.സി, പട്ടികജാതി വികസന ഓഫീസർ ഷൊർണ്ണൂർ. |

സെക്ഷൻ ഓഫീസർ

## അനുബന്ധം-2

1. 02/2018/SRT നമ്പർ വിജിലൻസ് കേസിലെ കുറ്റാരോപിതയായിരുന്ന വർക്കല മുൻ പട്ടികജാതി വികസന ഓഫീസർ ശ്രീമതി.ഇ.എസ് അംബികക്കെതിരെ കുറ്റാരോപണ മെമ്മോ നൽകിയിട്ടുണ്ട്.

2. 07/2016/IDK നമ്പർ വിജിലൻസ് കേസിലെ കുറ്റാരോപിതരായിരുന്ന അഴുത മുൻ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ ശ്രീമതി സിസ്റ്റു പരമേശ്,ദേവികുളം മുൻ പട്ടികജാതി വികസന ഓഫീസർ ശ്രീ.വി.ജി ഗോപകുമാർ എന്നിവർക്കെതിരെ കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടി ആരംഭിക്കുകയും, പിന്നീട് ഇക്കാര്യത്തിൽ ടിയാൾക്കാർ സമർപ്പിച്ച പ്രതിവാദപത്രിക, പ്രസ്തുത വിഷയത്തിന്മേലുള്ള വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് എന്നിവ പരിശോധിച്ച് അച്ചടക്ക നടപടി അവസാനിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

3. 15/2021/IDK നമ്പർ വിജിലൻസ് കേസിലെ കുറ്റാരോപിതനായിരുന്ന മറയൂർ മുൻ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ ശ്രീ. എൻ സുധാകരനെ സസ്പെൻഡ് ചെയ്ത്, കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടി ആരംഭിച്ചിട്ടുണ്ട്. സസ്പെൻഷൻ കാലയളവ് പൂർത്തിയാക്കിയതിനാൽ ടിയാനെതിരെയുള്ള ശിക്ഷാനടപടികൾക്ക് ഭംഗം വരാത്ത വിധത്തിൽ സർവ്വീസിൽ പുന :പ്രവേശിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

4. 01/2017/PTA നമ്പർ വിജിലൻസ് കേസിലെ കുറ്റാരോപിതരായിരുന്ന മുൻ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ ശ്രീ.എ റഹീം, റാന്നി ജില്ലാ ട്രൈബൽ ഓഫീസിലെ മുൻ ഓഫീസ് അറ്റൻഡന്റ് ശ്രീമതി എം.എ പൊന്നമ്മ എന്നിവർക്കെതിരെ പ്രോസിക്യൂഷൻ അനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ